ഇൻഡ്യൻ നിർമ്മിത വിദേശമദ്യഷാപ്പുകളുടെ ലേലത്തുക

70 (404) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്തുവർഷത്തിൽ ഓരോ വർഷവും ഇൻഡ്യൻ നിർമ്മിത വിദേശ മദ്യഷാപ്പുകളുടെ ലേലത്തുക എത്രവീതമായിരുന്നു;

(ബി) ഇതിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ഇപ്പോൾ എത്രയാണ്;

(സി) ഇതിൽ ഇക്കഴിഞ്ഞ പത്തുവർഷത്തിലെ ഓരോ വർഷത്തെയും കുടിശ്ശികയും പലിശയും എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇക്കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും ഇന്ത്യൻ നിർമ്മിത വിദേശ മദ്യഷാപ്പുകൾ ലേലം കൊണ്ടവർക്ക് ഓരോ വർഷവും ഇളവു നൽകിയ തുക എത്രവീതമാണ്?

ഉത്തരം

(എ)	1991-92	16,41,87,446
	1992-93	18,67,56,355
	1993-94	23,82,83,930
	1994-95	25,60,99,034
	1995-96	39,78,88,555
	1996-97	78,79,77,420
	1997-98	1,23,70,65,214
	1998-99	1,11,91,79,770
	1999-2000	1,31,65,10,136
	2000-2001	1,46,47,53,353

(ബി)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

കള്ളുഷാപ്പുകളുടെ ലേലം

71 (405) ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവന്തപുരം എക്സൈസ് റെയിഞ്ചിലെ കള്ളുഷാപ്പുകൾ ഈ വർഷം ലേലം പിടച്ചത് ആരാണ്;

(ബി) ഈ റെയ്ഞ്ചിൽ എത്ര കള്ളുഷാപ്പുകൾ ഉണ്ട്;

(സി) എന്തു തുകയ്ക്കാണ് ഈ റേയ്ഞ്ച് ലേലത്തിൽ പിടിച്ചത്;

(ഡി) ഈ തുകയിൽ എന്ത് തുക ലേലസമയത്ത് കെട്ടിവച്ചു; ബാക്കി തുക എത്രവീതം എന്നെല്ലാമാണ് അടയ്ക്കേണ്ടിയിരുന്നത്; ഈ തുക നിശ്ചിത തീയതിയിൽ അടച്ചുവോ;

(ഇ) ഈ തുക നിശ്ചിത തീയതിക്കകം അടയ്ക്കാത്തപക്ഷം സ്വീകരിക്കേണ്ട നടപടിക്രമം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഈ നടപടിക്രമം മേൽപ്പറഞ്ഞവരുടെ കാര്യത്തിൽ അനുവർത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) ഈ നടപടിക്രമങ്ങൾ അനുവർത്തിക്കാനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(എച്ച്) ഈ നടപടിക്രമം സ്വീകരിക്കാതിരുന്നതുകൊണ്ട് തിരുവനന്തപുരം റെയിഞ്ചിലെ കള്ളുഷാപ്പുകൾ നടത്തുവാൻ നിർദ്ദിഷ്ട തുകയ്ക്കുള്ള സെക്യൂരിറ്റി ലഭ്യമായിരുന്നുവോ;

(ഐ) പ്രതിമാസം അടയ്ക്കാനുള്ള തുക അടയ്ക്കാത്തപക്ഷം ഷാപ്പുകളുടെ ലൈസൻസ് റദ്ദാക്കുമെന്ന് വ്യവസ്ഥയുണ്ടോ; ഈ വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടുവോ;

(ജെ) തിരുവനന്തപുരം റെയിഞ്ചിലെ കള്ളുഷാപ്പുകൾ ലേലത്തിൽ പിടിച്ചവർ യഥാസമയം കിസ്ത് അടയ്ക്കാതിരുന്ന വിവരം എക്സൈസ് കമ്മീഷണർക്കും ഗവൺമെന്റിനും ലഭിച്ചത് എന്നാണെന്ന് പറയുമോ;

(കെ) ഈ വിവരം കിട്ടിയപ്പോൾ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെ പറയുന്നവരാണ്.

1. മധുസൂദനൻ ഡി., മുതിയൻവിളാകം പുരയിടം, ഉഷാ ബിൽഡിംഗ്സ്, കഠിനംകുളം, തിരുവനന്തപുരം
2. ജനാർദ്ദനൻ നായർ ഡി, സുഭദ്രാ മന്ദിരം, ആലംപൊറ്റ, പെരുമ്പഴുതൂർ, നെയ്യാറ്റിൻകര.
3. സുഗതൻ, കൊച്ചുവടക്കതിൽവീട്, മഞ്ചാടിമൂട്. ശാർക്കര, ചിറയിൻകീഴ് (ഇത് ലളിത, രാജു എന്നിവരുടെ മുക്ത്യാർകാരൻ)
4. ലളിത ഐ., വടക്കുമടത്തിൽ ഹൗസ്, കുന്തല്ലൂർ, കുന്തല്ലൂർ പി.ഒ., ചിറയിൻകീഴ്.
5. ഉഷ എൻ, വടക്കുമടത്തിൽ ഹൗസ്, കുന്തല്ലൂർ പി.ഒ., ചിറയിൻകീഴ്.
6. എ. രാജു, പന്തിയിൽ വീട്, ശാർക്കര, ചിറയിൻകീഴ്
7. എം. മനോഹരൻ, കിണറ്റുവിളാകത്ത് വീട്, റ്റി.സി. 31/682/ (1) എസ്.എസ്. നഗർ, പേട്ട, തിരുവനന്തപുരം
8. എസ്. ബിനു, തുടലിവിള പുത്തൻവീട്, പരശുവയ്ക്കൽ വില്ലേജ്, നെയ്യാറ്റിൻകര.

(ബി) 37 എണ്ണം

(സി) 10,65,00,100 (പത്ത് കോടി അറുപത്തിയഞ്ച് ലക്ഷത്തി ഒരുന്നൂറ് രൂപയ്ക്ക്)

(ഡി) 3,19,50,040 രൂപ ലേലസമയത്ത് സെക്യൂരിറ്റി ആയി കെട്ടിവച്ചു. 3,35,07,274 രൂപയുടെ സോൾവൻസി ടി സോൾവൻസിയിൽ 3,19,50,030 രൂപ 30% ലേലത്തുകയുടെ സോൾവൻസിയായും 6,76,825 രൂപ ടോക്കി വെൽഫയർ ഫണ്ടിലേക്ക് സോൾവൻസിയായും കണക്കാക്കിയിട്ടുണ്ട്. ലേലത്തുക പത്ത്

LIBRARY ARCHIVES Kerala Legislative Assembly

തവണകളായി ഏപ്രിൽ മാസം മുതൽ ജനുവരി മാസം വരെ. തവണ തുക നിശ്ചിത തീയതിയിൽ അടച്ചിട്ടില്ല.

(ഇ) 1974 ലെ അബ്കാരി ലേല വില്പനചട്ടം 6(28) പ്രകാരം ടി ഷാപ്പുകളുടെ ലൈസൻസ് എക്സൈസ് കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് ക്യാൻസൽ ചെയ്യാം. കൂടാതെ കുടിശ്ശിക തുക സെക്യൂരിറ്റിയിൽനിന്ന് അഡ്ജസ്റ്റ് ചെയ്ത് ടി തുക തിരികെ സെക്യൂരിറ്റിയിൽ അടയ്ക്കുന്നതിന് നോട്ടീസ് നൽകി നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം തുക തിരികെ അടച്ചില്ലെങ്കിൽ എക്സൈസ് കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്ക് ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്.

(എഫ്)ഉണ്ട്.

(ജി) അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറിൽ

(എച്ച്) നിയമപരമായ നടപടികൾ യഥാസമയത്ത് സ്വീകരിച്ചിട്ടുണ്ട്.

(ഐ) ലൈസൻസ് റദ്ദ് ചെയ്യാൻ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥ ഇവിടെ പാലിക്കപ്പെട്ടിട്ടുണ്ട്.

(ജെ) 1.11.2000 ൽ എക്സൈസ് കമ്മീഷണർക്ക് വിവരം ലഭിച്ചു. 16.11.2000, 24.11.2000 എന്നീ തീയതികളിൽ സർക്കാരിന് വിവരം ലഭിച്ചു.

(കെ) സർക്കാരിന് വിവരം ലഭിച്ചാലുടൻ പ്രസ്തുത ഷാപ്പുകൾ 30.11.2000 ന് പുനർലേലം നടത്താനും അതുവരെ ഷാപ്പുകൾ ഡിപ്പാർട്ടുമെന്റ് മാനേജ്മെന്റിൽ നടത്താനും തീരുമാനിച്ചു.

കള്ളു ഷാപ്പുകളുടെ ലേലത്തുക

72 (406) ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും കള്ളുഷാപ്പു കളുടെ ലേലത്തുക എത്രവീതമായിരുന്നു;

(ബി) ഇതിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്രയാണ്;

(സി) ഇതിൽ ഇക്കഴിഞ്ഞ പത്ത് വർഷത്തിലെ ഓരോ വർഷത്തെയും കുടിശ്ശികയും പലിശയും പിഴപ്പലിശയും എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കഴിഞ്ഞ പത്തുവർഷത്തിൽ ഓരോ വർഷവും കള്ളുഷാപ്പ് കോൺട്രാക്ടർമാർക്ക് ഇളവ് നൽകിയ തുക എത്രവീതമെന്ന് വെളിപ്പെടു ത്തുമോ?

ഉത്തരം

(എ)	1991-92	6,54,66,460
	1992-93	9,83,80,009
	1993-94	10,04,04,010
	1994-95	15,47,04,882
	1995-96	22,51,18,212
	1996-97	57,22,43,450

LIBRARY ARCHIVES Kerala Legislative Assembly